# പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ

വിഷയം: പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ എന്നീ തസ്തികകളിലെ കരട് ഗ്രഡേഷൻ ലിസ്റ്റ് പിൻവലിച്ച് - ഉത്തരവാകുന്നു.

പരാമർശം:
1. ഈ ഓഫീസിലെ 08.12.2016 -ലെ ഇ11-42045/16 (3) നമ്പർ നോട്ടീസ്
2. ഈ ഓഫീസിലെ 08.12.2016 -ലെ ഇ11-42045/16 (4) നമ്പർ നോട്ടീസ്
3. ബഹു. സുപ്രീം കോടതിയുടെ 24.11.2009 -ലെ സിവിൽ അപ്പീൽ നം.595/03, 596/03, 597/03, 598/03 എന്നിവയിലെ വിധിന്യായം.
4. ബഹു. ഹൈക്കോടതിയുടെ ഒ.പി. നം. 8395/98, 9355/98 എന്നിവയിലെ 10.01.2008 -ലെ വിധിന്യായം.
5. ജി.ഒ.(ആർ.റ്റി) 3225/2008/തസ്വഭവ, തീയതി 29.08.2008.
6. ജി.ഒ.(ആർ.റ്റി) 2010/2010/തസ്വഭവ, തീയതി 17.06.2010.
7. പഞ്ചായത്ത് ഡയറക്ടറുടെ 09.11.2010 -ലെ ഇ8-28/2010 നമ്പർ ഉത്തരവ്.
8. ജി.ഒ.(ആർ.റ്റി) 1208/2014/തസ്വഭവ, തീയതി 19.05.2014.
9. പഞ്ചായത്ത് ഡയറക്ടറുടെ 11.07.2014 -ലെ ഇ8-37816/2010 നമ്പർ ഉത്തരവ്.
10. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ 06.03.2015 -ലെ ടി.എ.. നം.171/2013 & ഒ.എ.നം.1002/2014, 1376/14, 736/2014 എന്നിവയിലെ ഉത്തരവ്.
11. ബഹു. ഹൈക്കോടതിയുടെ 11.03.2016 -ലെ ഒ.പി.നം.120,123, 129, 144, 145, 147, 158 & 316/2015 -ലെ വിധിന്യായം.
12. ബഹു. സുപ്രീം കോടതിയുടെ 13.05.2016 തീയതിയിലെ എസ്.എൽ.പി.നം. 13785-13786/2016 -ലെ ഉത്തരവ്.

## ഉത്തരവ് നമ്പർ: ഇ11-42045/2016, തീയതി: 21.02.2017

1994 -ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ പ്രാബല്യത്തെ തുടർന്നുണ്ടായ സീനിയോറിറ്റി വ്യവഹാരങ്ങൾ സംബന്ധിച്ച് ബഹു. സുപ്രീം കോടതിയുടെ പരാമർശം (3) പ്രകാരം അന്തിമവിധിന്യായം പുറപ്പെടുവിക്കുകയും ആയതിനെതുടർന്ന് പരാമർശം (7) പ്രകാരം 01.01.1990 മുതലുള്ള എല്ലാ തസ്തികകയിലെയും സീനിയോറിറ്റി ലിസ്റ്റുകൾ പ്രസീദ്ധീകരിക്കുകയും ചെയ്തു. ഇപ്രകാരം സീനിയോറിറ്റി ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുമ്പോൾ പരാമർശം (4), (5), (6) എന്നിവയിലെ വസ്തുതകൾ അടിസ്ഥാനമാക്കിയിരുന്നതുമാണ്. പ്രസ്തുത ലിസ്റ്റിനെ അടിസ്ഥാനമാക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വരെയുള്ള തസ്തികകളിലേക്ക് 2014 വർഷംവരെ സ്ഥാനക്കയറ്റങ്ങൾ നടത്തിയിട്ടുള്ളതും തുടർന്ന് പരാമർശം (8), (9) എന്നീ ഉത്തരവുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വീണ്ടും കോടതി വ്യവഹാരങ്ങൾ ഉണ്ടാകുകയും പരാമർശം (7), (9) പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന രണ്ട് സീനിയോറിറ്റി പട്ടികകളും റദ്ദാക്കികൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം (10) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളതും ആയത് പരാമർശം (11) പ്രകാരം ബഹു. ഹൈക്കോടതി ശരിവച്ചിട്ടുള്ളതുമാണ്. തുടർന്ന് വിഷയം ബഹു. സുപ്രീം കോടതി മുമ്പാകെ ഉന്നയിക്കപ്പെടുകയും *'Status quo''* നിർദ്ദേശിച്ചുകൊണ്ട് പരാമർശം (12) പ്രകാരം ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. നിലവിൽ പ്രസ്തുത വിഷയത്തിൽ ബഹു. സുപ്രീം കോടതി അന്തിമവിധിന്യായം പുറപ്പെടുവിച്ചിട്ടില്ല.

ഇപ്രകാരം സ്ഥാനക്കയറ്റങ്ങൾ തടസ്സപ്പെട്ട് നിന്നതിനെതുടർന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ എന്നീ തസ്തികകളിലെ സ്ഥാനക്കയറ്റ ഉത്തരവ് ആധാരമാക്കി

തയ്യാറാക്കിയ ഗ്രഡേഷൻ ലിസ്റ്റിന്റെ കരട് പരാമർശം (1), (2) എന്നിവ പ്രകാരം പ്രസിദ്ധീകരിക്കുകയും ആക്ഷേപങ്ങൾ ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇപ്രകാരം പ്രസിദ്ധീകരിച്ച കരട് ഗ്രഡേഷൻ ലിസ്റ്റ് നിലവിലുള്ള കോടതി വിധിന്യായങ്ങളുടെ കണ്ടെത്തലിനും അന്തഃസത്തക്കും തീർത്തും വിരുദ്ധമാണെന്നും ടി ലിസ്റ്റ് അന്തിമമാക്കുന്ന പക്ഷം കോടതിയലക്ഷ്യ നടപടികൾ നേരിടേണ്ടിവരുമെന്നും പ്രസ്തുത ഗ്രഡേഷൻ ലിസ്റ്റിൻമേൽ ആക്ഷേപം സമർപ്പിച്ച് ഹിയറിംഗിൽ ഹാജരായ മുഴുവൻ ഉദ്യോഗസ്ഥരും അഭിപ്രായപ്പെടുകയുണ്ടായി. മാത്രമല്ല, പ്രസ്തുത വിഷയം നിലവിൽ ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലായതിനാൽ ടി ലിസ്റ്റ് അന്തിമമാക്കുന്നത് ശരിയായ നടപടിക്രമമല്ല എന്നവിധത്തിലുള്ള വാദമുഖങ്ങളും ഹിയറിംഗിന് ഹാജരായവർ രേഖാമൂലം ഉന്നയിച്ചിട്ടുള്ളതാണ്. പ്രസ്തുത ലിസ്റ്റ് അന്തിമമാക്കരുതെന്ന് ടി ലിസ്റ്റുമായി ബന്ധപ്പെട്ട മുഴുവൻ ഉദ്യോഗസ്ഥരും ആവശ്യപ്പെട്ടിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കരട് ഗ്രഡേഷൻ ലിസ്റ്റ്, പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കരട് ഗ്രഡേഷൻ ലിസ്റ്റ് എന്നിവ അന്തിമമാക്കുന്നതുൾപ്പെടെയുള്ള തുടർനടപടികൾ ഉപേക്ഷിച്ച് പ്രസ്തുത ലിസ്റ്റുകൾ പിൻവലിച്ച് ഉത്തരവാകുന്നു.

**(ഒപ്പ്)**
**പി. ബാല കിരൺ ഐ.എ.എസ്.**
**പഞ്ചായത്ത് ഡയറക്ടർ**

പകർപ്പ് :

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും
കരുതൽ/അധികം

*പിറ്റികെ 21/2/17*